**PM/2/6-150/ 2022-23/Endtt. 16** **Dated: 28.02.2023**

To

**All District / Sub Treasury Officers**
**The Director of Treasuries, Thiruvananthapuram**
**All Accountants General (A&E) as per the mailing list**

Sir,

**Sub:** **Kerala Kalamandalam – Revision of Pension under 11th Revision Orders endorsed reg:**

**Ref:** **1 GO(P) No 6/2023/Fin dt 21.01.2023**
**2 GO(P) No 30/2021/Fin dt 12.02.2021**
**3 GO(P) No 35/2021/Fin dt 23.02.2021**

**(Orders may be downloaded directly from the site of Kerala Government Finance Dept)**

Government had issued orders extending 11th Pension revision to retired employees/teachers (other than UGC) of Kerala Kalamandalam vide order first cited. The methods and conditions for revising pension issued vide order cited is endorsed herewith for ready reference. The following points may be borne in mind while revising the cases.

1) Revision of pension/family pension shall be done in accordance with the GOs cited 2 & 3 above. The revised pension/family pension is payable from the February 2023 including arrears for the months of December2022 and January 2023.
2) Pension, DCRG, Terminal Surrender Arrears including from 01.07.2019 to 30.11.2022 shall be paid in four equal instalments, out of which 2 instalments are payable with the pension in February 2023 and next instalments as per the orders issued by Government in this regard. Commutation arrears shall be paid in one single instalment in February 2023.
3) Two installments of LTA arrears of pension, DCRG, Terminal Surrender admissible to pensioners/family pensioners expired during the period are payable to the nominees.
4) In the case of those drawing pension @ 9th revision rates shall be notionally revised as per the pension revision ordered from time to time and arrears shall be disbursed from 01.07.2019 as per 11th revision only.

(Vide orders of Senior Deputy Accountant General (Pension) dated 02.01.2023)

*Yours faithfully*

28/02/2023

Senior Accounts Officer

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പതിനൊന്നാം പെൻഷൻ പരിഷ്കരണം - കേരള കലാമണ്ഡലം കൽപ്പിത സർവകലാശാലയിലെ പെൻഷൻകാരുടെ/കുടുംബ പെൻഷൻകാരുടെ പെൻഷൻ/കുടുംബ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി)നം.6/2023/ധന.** **തീയതി, തിരുവനന്തപുരം, 21/01/2023**

---

പരാമർശം:-. 1. സ.ഉ(അ)നം.30/2021/ധന തീയതി 12/02/2021.
2. സ.ഉ(അ)നം.35/2021/ധന തീയതി 23/02/2021.
3. പരിപത്രം നം.27/2021/ധന തീയതി 19/03/2021.
4. പരിപത്രം നം.30/2021/ധന തീയതി 27/03/2021.
5. പരിപത്രം നം.50/2021/ധന തീയതി 02/07/2021.
6. സ.ഉ(അ)നം.162/2021/ധന തീയതി 02/12/2021.
7. സ.ഉ.(കൈ)നം.19/2022/സിഎൽഎഡി തീയതി 07/09/2022.
8. സ.ഉ(അ)നം.103/2022/ധന തീയതി 01/09/2022.

**<u>ഉത്തരവ്</u>**

കേരള കലാമണ്ഡലത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. വിരമിച്ച ജീവനക്കാർക്ക് പുതുക്കിയ പെൻഷൻ നിരക്കുകൾ 01/07/2019 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 01.04.2013 ന് മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഇത് ബാധകം.

ii. പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് പെൻഷൻ പരിഷ്കരിക്കേണ്ടതാണ്. പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളിലെയും പരിപത്രങ്ങളിലെയും പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കുന്നു.

iii. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച പെൻഷൻ/കുടുംബ പെൻഷൻ ഫെബ്രുവരി 2023 മുതൽ വിതരണം ചെയ്യാവുന്നതാണ്. 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ കുടിശ്ശിക 2023 ഫെബ്രുവരിയിലെ പെൻഷനോടൊപ്പം നൽകാവുന്നതാണ്.

iv. 2019 ജൂലൈ മുതൽ 2022 നവംബർ വരെയുള്ള പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക നാല് തുല്യ ഗഡുക്കളായി വിഭജിച്ച് ആദ്യത്തെ രണ്ട് ഗഡുക്കൾ 2023 ഫെബ്രുവരി മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ പരാമർശം 5 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ

സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും അനുവദിക്കാവുന്നതാണ്.

v. 01/07/2019-നോ അതിനുശേഷമോ വിരമിച്ചവരുടെ, ഡി.സി.ആർ.ജി/ ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ നാല് തുല്യ ഗഡുക്കളായി വിഭജിച്ച്, ആദ്യ രണ്ട് ഗഡുക്കൾ 2023 ഫെബ്രുവരി മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ പരാമർശം 6 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നു വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും നൽകുന്നതാണ്.

vi. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/02/2023-ന് പണമായി വിതരണം ചെയ്യാവുന്നതാണ്.

vii. അർഹതപ്പെട്ട ഡി.സി.ആർ.ജി/ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴുവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷണർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, മരണമടയുന്ന തീയതി വരെയുള്ള പ്രസ്തുത കുടിശ്ശിക പെൻഷണറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് പരാമർശം 8-ലെ നിർദ്ദേശങ്ങൾ പ്രകാരം നൽകാവുന്നതാണ്.

viii. പെൻഷൻ പരിഷ്കരണം വഴി എന്തെങ്കിലും അധിക തുക തെറ്റായി നൽകിയതായി ഭാവിയിൽ കണ്ടെത്തുന്ന പക്ഷം ടി തുക, ഡി.സി.ആർ.ജി-യുടെ കുടിശ്ശിക, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചതിനെത്തുടർന്ന് അധികം കൈപ്പറ്റിയിട്ടുള്ള തുക, ഡി.സി.ആർ.ജി, പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷന്റെ ഭാവിയിലുണ്ടാകാവുന്ന ക്ഷാമാശ്വാസം, എന്നിവയിൽ നിന്ന് ഈടാക്കാവുന്നതാണ് എന്ന സത്യവാങ്മൂലം ഓരോ പെൻഷണറും/കുടുംബ പെൻഷണറും ഓൺലൈനായി പിംസ് വഴിയോ നേരിട്ട് (അനുബന്ധത്തിലുള്ള മാതൃകയിൽ) ട്രഷറിയിലോ സമർപ്പിക്കേണ്ടതാണ്.

ix. 01/04/2021 മുതൽ 31/01/2023 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശ്ശിക 2023 ഫെബ്രുവരി മാസത്തെ പെൻഷനോടൊപ്പം നൽകാവുന്നതാണ്.

x. ഒമ്പതാം ശമ്പളപരിഷ്കരണം പ്രകാരമുള്ള പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ പത്താം പെൻഷൻ പരിഷ്കരണം 02.06.2021-ലെ സ.ഉ(പി)നം.80/2021/ധന ഉത്തരവ് പ്രകാരം നോഷണലായി നിർണയിച്ച് പതിനൊന്നാം പെൻഷൻ പരിഷ്കരണം നടത്തേണ്ടതും അവരുടെ 01.07.2019 മുതലുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക മുൻ നിബന്ധന (iv)-ലെ വ്യവസ്ഥ പ്രകാരം അനുവദിക്കാവുന്നതുമാണ്.

xi. സംസ്ഥാന സർവ്വീസ് പെൻഷൻകാർ/വിരമിച്ച അധ്യാപകർ എന്നിവർക്ക് ബാധകമാക്കുന്ന എല്ലാ ഉത്തരവുകളും പരിപത്രങ്ങളും കേരള കലാമണ്ഡലം കൽപ്പിത സർവകലാശാലയിലെ പെൻഷൻകാർക്ക് ബാധകമായിരിക്കും.

xii. വിരമിച്ച ജീവനക്കാരുടെ പൂർണ്ണ വിവരങ്ങൾ, പെൻഷൻതുക, പ്രതിമാസം പെൻഷൻ ഇനത്തിൽ ചെലവഴിക്കുന്ന തുക സംബന്ധിച്ച ട്രഷറി ഡയറക്ടറുടെ ത്രൈമാസ റിപ്പോർട്ട് എന്നിവ കലാമണ്ഡലത്തിലെ ഫിനാൻസ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

Sr DAG(A/cs)

**<u>അനുബന്ധം</u>**

**<u>സാക്ഷ്യപത്രം</u>**

പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി അധിക തുക കൈപ്പറ്റിയതായി ഭാവിയിൽ കണ്ടെത്തുന്നപക്ഷം ടി തുക എന്റെ പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പെൻഷണർ/കുടുംബ പെൻഷണറുടെ പേരും ഒപ്പും

സ്ഥലം:

തീയതി: